**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **11-02-2025 - ൽ മറുപടിയ്ക്ക്**

**കക്കയം-കരിയാത്തുംപാറ ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ കൂട്ടത്തോടെ ജനവാസകേന്ദ്രങ്ങളിൽ എത്തുന്നത് തടയാനായി കൂരാച്ചുണ്ട്-കക്കയം കരിയാത്തുംപാറ വനമേഖലകളിൽ ഫെൻസിംഗ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കക്കയം വാലി മുതൽ കക്കയം വരെ രണ്ട് കി.മീ. സൗരോർജ്ജ കമ്പി വേലി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നുണ്ട്. കൂടാതെ ഓട്ടപ്പാലം-കാളങ്ങാലി, ഇുവക്കടവ്, കല്ലാനോട് 30 മൈൽ ഭാഗത്ത് ഹാങ്ങിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടിയും പരിഗണനയിലുണ്ട്. |
| (ബി) | കക്കയം-കരിയാത്തുംപാറ വനമേഖലകളിൽ ജനങ്ങൾക്ക് ഭീഷണിയാവുന്ന വന്യമൃഗങ്ങളെ നേരിടുന്നതിനും ജനവാസ കേന്ദ്രങ്ങളിൽ അവ എത്താതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (ബി) | കൂരാച്ചുണ്ട് കക്കയം കരിയാത്തുംപാറ വനമേഖലകളുമായി ബന്ധപ്പെട്ട പഞ്ചവടിപ്പാലം കെ.എസ്.ഇ.ബി കോളനി, അമ്പലക്കുന്ന് ആദിവാസി നഗർ എന്നിവിടങ്ങളിൽ 4.65 കി.മീ. സോളാർ ഫെൻസിംഗ് നിലവിലുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ വിടുന്നതിനായി താമരശ്ശേരി ആസ്ഥാനമായി റാപ്പിഡ് റസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കക്കയം, പെരുവണ്ണാമൂഴി കേന്ദ്രമാക്കി രണ്ട് സാറ്റലൈറ്റ് ആർ.ആർ.ടി-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ച് ജനജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സമൂഹമാധ്യമ കൂട്ടായ്മ വഴി, വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. നിലവിലുള്ള സോളാർ വേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ദിവസവേതന വാച്ചർമാരെ ഉപയോഗപ്പെടുത്തുകയും, അറ്റകുറ്റപ്പണി നടത്തിവരികയും ചെയ്യുന്നുണ്ട്. നബാർഡ് പദ്ധതിയിൽ പെരുവണ്ണാമൂഴി റെയിഞ്ചിൽ പന്നിക്കോട്ടൂർ വനമേഖല ഉൾപ്പെടെ 18 കി.മീ. ഹാങ്ങിംഗ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.<br><br>കൂടാതെ മനുഷ്യ വന്യജീവി സംഘർഷങ്ങൾ നിരീക്ഷിക്കുന്നതിനും സംഘർഷനിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിനുമായി കോഴിക്കോട് ഡിവിഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന DEOC(District Emergency Operation Centre) ഉം പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ